കാറു വാങ്ങുവാൻ വായ്പ്പയ്ക്കുള്ള അപേക്ഷ

* 1582. [13] ശ്രീ. കെ. എം. ജാർജ്ജ്: താഴെ കാണുന്ന ചോദ്യം ധനകാര്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിലെ മെമ്പറന്മാർ ആരെങ്കിലും കാറു വാൻ വായ്പ കിട്ടണമെന്നു ഗവണ്മെൻറിൽ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ശ്രീമതി കെ. ഒ. ഐഷാബായിയുടെ അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) വായ്പ്പയ്ക്കുള്ള അപേക്ഷ അനുവദിച്ചു.

ശ്രീ. കെ. എം. ജാർജ്ജ്: 'അതിനുശേഷം' ഈ സഭയിലുള്ള ബഹുമാനമെമ്പറന്മാർ ആരെങ്കിലും അപേക്ഷിച്ചോ; അതാണറിയേണ്ടതു്?

ശ്രീ. സി. അച്യുതമേനോൻ: അതിനുശേഷം എന്നു് ഈ ചോദ്യത്തിൽ അങ്ങനെ രേഖപ്പെടുത്തിട്ടുള്ളതു് എന്നു പറഞ്ഞു.

ശ്രീ. കെ എം. ജാർജ്ജ്: സർ, അതിനുശേഷം ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. എ. മാത്യു അപേക്ഷിച്ചിട്ടുണ്ടു്. ശ്രീമതി ഐഷാബായിയുടെ കാര്യം മാത്രമേ ഇവിടെ പറഞ്ഞുകേട്ടുള്ളു.

ശ്രീ. സി. അച്യുതമേനോൻ: അതിനുശേഷമുള്ള അപേക്ഷയുടെ കാര്യം ചോദിച്ചിട്ടില്ല.

ശ്രീ. സ്പീക്കർ: ആർഡർ, ആർഡർ. ചോദ്യം, കേരളനിയമസഭയിലെ മെമ്പർമാർ ആരെങ്കിലും കാറു വാങ്ങുവാൻ വായ്പ കിട്ടണമെന്നു് ഗവ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഒരു മെമ്പർ ഒരു പായിൻറ് ആഫ് ഓർഡർ ഉന്നയിച്ചാൽ, അതിനു മറുപടി കിട്ടുന്നതിനു മുൻപു് മറ്റൊരു മെമ്പർക്കു ഒരു പായിൻറ് ആഫ് ഓർഡർ ഉന്നയിക്കാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഇപ്പോൾ എത്ര പായിൻറ് ആഫ് ഓർഡർ ഉണ്ടു്?

മി. സ്പീക്കർ: എണ്ണി നോക്കിത്തന്നെന്നു തിട്ടപ്പെടുത്തണം. മി. ജോർജ്ജു്, എന്താണു് പായിൻറ് ആഫ് ഓർഡർ?

ശ്രീ. കെ. എം. ജോർജ്ജു്: ഈ സഭയിൽ ഏതെങ്കിലും ഒരു മെമ്പർ ഒരു പായിൻറ് ആഫ് ഓർഡർ ഉന്നയിക്കുമ്പോൾ, 'അവിടെ ഇരിക്കാൻ' പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് അധികാരമുണ്ടോ?

Mr. Speaker: Order, order. It is clear from the rules that a Member can at any time raise a point of order. That is already in Rule 229 of the Rules of Procedure and Conduct of Business in the Assembly. Nobody objects to that.

ശ്രീ. കെ. എം. ജോർജ്ജു്: ഒരു പായിൻറ് ആഫ് ഓർഡർ റെയിസു ചെയ്തപ്പോൾ ബഹു മനപ്പെട്ട ധനകാര്യമന്ത്രി അവിടെ ഇരിക്കാൻ പറഞ്ഞു.

ശ്രീ. കെ. സി. ജോർജ്ജു്: 'അവിടെ ഇരിക്കാൻ' പറഞ്ഞതായി ആരും കേട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. എ. മാത്യു വായ്പയ്ക്കു അപേക്ഷിച്ചതായും, കഴിഞ്ഞ തവണ, അപേക്ഷിച്ചാൽ അതിനെപ്പറ്റി പരിശോധിക്കുന്നതാണെന്നു് ഉറപ്പു പറഞ്ഞതായും പറഞ്ഞപ്പോൾ, വസ്തുതകൾ തെറ്റിദ്ധരിപ്പിക്കേണ്ടാ ഞാൻ സംഗതി വിശദമാക്കാമെന്നു പറയുകയായിരുന്നു. അതുതന്നെ ഞാൻ ആവർത്തിക്കുകയാണു്. കഴിഞ്ഞ തവണ ഈ ചോദ്യം വന്നപ്പോൾ, ശ്രീ. മാത്യു ചോദിച്ചു, മറ്റു മെമ്പറന്മാർ ഇങ്ങനെ അപേക്ഷിച്ചാൽ പരിശോധിക്കുമോ എന്നു്. അപേക്ഷിച്ചു നോക്കൂ അപ്പോൾ അറിയാം എന്നാണു് അതിനു മറുപടി പറഞ്ഞതു്; അല്ലാതെ പരിശോധിക്കാമെന്നു ഉറപ്പിച്ചു പറഞ്ഞിട്ടില്ല. ശ്രീ. മാത്യു വ്യക്തമായിട്ടുള്ള ഒരു അപേക്ഷയല്ല അയച്ചിട്ടുള്ളതു്. ഒരു കത്തു് എനിക്കു് അയച്ചിട്ടുണ്ടു്. ഗവണ്മെൻറിനു് ഇങ്ങനെയൊരു പദ്ധതിയില്ലാത്തതുകൊണ്ടു് വായ്പ അനുവദിക്കാൻ സാധ്യമല്ലെന്നു മറുപടിയും കൊടുത്തു.

ശ്രീ. കെ. എം. ജോർജ്ജു്: ബഹുമാനപ്പെട്ട മന്ത്രി അന്നു പറഞ്ഞതു്, അപേക്ഷ അയച്ചാൽ അതിനെപ്പറ്റി ആലോചിക്കാമെന്നാണു്. അതിൻറെ അടിസ്ഥാനത്തിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ, എന്തു നടപടി നടത്തി എന്നാണു് ചോദിക്കുന്നതു്?

ശ്രീ. സി. എ മാത്യു: സർ, ഒരു കത്തയച്ചു എന്നു പറയുന്നതു ശരിയല്ല. 'ടു മി ഫൈനാൻസു മിനിസ്റ്റർ' എന്നാരംഭിക്കുന്ന ആ അപേക്ഷ ഒരു കത്താകുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. 'പ്രിയസുഹൃത്തേ' എന്നു സംബോധന ചെയ്തു എഴുതിയിട്ടുള്ളതു കൊണ്ടല്ല അതു്. ശരിയായ ഫാറത്തിൽ അപേക്ഷിക്കാത്തതുകൊണ്ടോണോ, അതിനെപ്പറ്റി പരിശോധിക്കാതിരുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഇതിനെപ്പറ്റി ഇത്ര വലിയ ഒരു വാഗ്വാദത്തിൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മറുപടിയിൽ ഒരു കാര്യം ഗവണ്മെൻറ് വ്യക്തമാക്കിയിട്ടുണ്ടു്.

There is a technical difference between a letter and a formal application. If it was stated that "your application is rejected

LIBRARY ARCHIVES Kerala Legislative Assembly

because you have not applied in the prescribed form" you could have asked "what is the prescribed form etc." But it is not like that.

ചെക്കനിക്കലായിട്ട് എന്തെങ്കിലും തെറ്റ പറഞ്ഞിയിട്ടുണ്ടെങ്കിൽ ആ കാര്യം മാത്രം വിശദമായി ചോദിക്കാവുന്നതേയുള്ളൂ. അല്ലാതെ, കോഴി പ്പോരു നടത്തുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും വാദിക്കാൻ തുടങ്ങിയാൽ എന്താണു നിവൃത്തി?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കാർ വാങ്ങുന്നതിനു് ലോണിനു് അപേക്ഷിക്കാൻ പ്രത്യേകം അപേക്ഷാഫാറമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നിശ്ചയമില്ല; ഉണ്ടായിരിക്കും; ഇല്ലെന്നും വരാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ശ്രീ. സി. എ. മാത്യു അയച്ചതു ഒരു കത്തായിരുന്നു; പ്രത്യേക ഫാറത്തിൽ അല്ലായിരുന്നു എന്നു പറഞ്ഞു. ലോണിനു് അപേക്ഷിക്കാൻ ഗവണ്മെന്റിൽനിന്നും ഏതെങ്കിലും ഫാറം പ്രിസ്ക്രൈബു ചെയ്തിട്ടുണ്ടോ? അങ്ങനെയുള്ള ഫാറത്തിലാണോ ശ്രീമതി കെ. ഒ. ഐക്കാ ബായി അപേക്ഷിച്ചിട്ടുള്ളതു"?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഫാറം ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: ശ്രീമതി ഐക്കാബായി ഗവണ്മെന്റിൽനിന്നും ഏഴായിരം രൂപ ലോൺ വാങ്ങിയതിനു് ആവശ്യമുള്ള ഈടു വച്ചിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഉണ്ടു്.

ശ്രീ. എം. എം. മത്തായി: ശ്രീ. സി. എ. മാത്യുവും, ശ്രീ. ഇ. പി. ഇയ്യപ്പനും ശരിയായ ഫാറത്തിൽ അപേക്ഷിക്കാത്തതുകൊണ്ടാണോ അവരുടെ അപേക്ഷകൾ തള്ളിക്കളഞ്ഞതു"?

ശ്രീ. സി. അച്യുതമേനോൻ: കാർ വാങ്ങാൻ ലോൺ കൊടുക്കുന്ന ഒരു പദ്ധതി ഗവണ്മെന്റിനില്ല. അതുകൊണ്ടു തള്ളിക്കളഞ്ഞതാണു്.

ശ്രീ. എം. എം. മത്തായി: ശ്രീമതി ഐക്കാബായിക്കു് ഈ പദ്ധതി അനുസരിച്ചു കൊടുക്കാമെങ്കിൽ മറ്റുള്ളവർക്കു് എന്തുകൊണ്ടു കൊടുത്തുകൂടാ?

ശ്രീ. സി. അച്യുതമേനോൻ: മുൻപു് ഇതിനു മറുപടി പറഞ്ഞിട്ടുള്ളതാണു്. വേണമെങ്കിൽ അതു് ആവർത്തിക്കാം.

പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

* 1583. [16] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനം പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണം എന്നു ചർച്ച ചെയ്തുകയുണ്ടായോ;

(ബി) ഇതിനെപ്പറ്റി സംസ്ഥാനഗവണ്മെന്റുകളുടെ അഭിപ്രായം ആരായണമെന്നു തീരുമാനിക്കുകയുണ്ടായോ;

(സി) ഈ സംബന്ധിച്ചുള്ള കേരളസർക്കാരിന്റെ സുപ്പാർശ കേന്ദ്രത്തിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സുപ്പാർശകൾ എന്താണു"?

LIBRARY ARCHIVES Kerala Legislative Assembly